## 1. അത്ഭുതം യേശുവിൻ നാമം

അത്ഭുതം യേശുവിൻ നാമം

ഈ ഭൂവിലെങ്ങും ഉയര്ത്തിതടാം

1 എല്ലാരും ഏകമായ് കൂടി സന്തോഷമായ് ആരാധിക്കാം

നല്ലവനാം കര്ത്തംനവൻ വല്ലഭനായ് വെളിപ്പെടുമേ (അത്ഭുതം..)

2 നീട്ടിയ തൃക്കരത്താലും പരിശുദ്ധാത്മ ശക്തിയാലും

തിരുവചനം അതിധൈര്യമായ് ഉരച്ചീടുക സഹോദരരേ (അത്ഭുതം..)

3 മിന്നല്പിമണരുകള് വീശും പിന്മാരിയെ ഊറ്റുമവന്

ഉണരുകയായ് ജനകോടികള് തകരുമപ്പോള് ദുര്ശ്ക്തികളും (അത്ഭുതം..)

4 വെള്ളിയും പോന്നൊന്നുമല്ല ക്രിസ്തേശുവിന് നാമത്തിനാല്

അത്ഭുതങ്ങൾ അടയാളങ്ങള് നടന്നീടുമേ തന് ഭുജബലത്താല് (അത്ഭുതം..)

5 കുരുടരിന് കണ്ണുകള് തുറക്കും കാതു കേട്ടിടും ചെകിടര്ക്കുതമെ

മുടന്തുള്ളവർ കുതിച്ചുയരും ഊമരെല്ലാം സ്തുതി മുഴക്കും (അത്ഭുതം..)

6 ഭൂതങ്ങള് വിട്ടുടന് പോകും സർവ്വ ബാധയും നീങ്ങിടുമേ

രോഗികളും ആശ്വസിക്കും ഗീതസ്വരം മുഴങ്ങിടുമേ (അത്ഭുതം..)

7 നിന്ദിത പാത്രരായ് മേവാന് നമ്മെ നായകന് കൈവിടുമോ

എഴുന്നേറ്റു നാം പണിതീടുക തിരുക്കരങ്ങൾ നമ്മോടിരിക്കും (അത്ഭുതം..)

## 2. അതിരുകളില്ലാത്ത സ്നേഹം ദൈവസ്നേഹം നിത്യസ്നേഹം

അതിരുകളില്ലാത്ത സ്നേഹം ദൈവസ്നേഹം നിത്യസ്നേഹം

അളവുകളില്ലാത്ത സ്നേഹം ദൈവസ്നേഹം നിത്യസ്നേഹം

ഏതൊരവസ്ഥയിലും യാതൊരു വ്യവസ്ഥകളും

ഇല്ലാതെ സ്നേഹിക്കും നാഥനു നന്ദി (അതിരുകളില്ലാത്ത..)

1 ദൈവത്തെ ഞാന് മറന്നാലും

ആ സ്നേഹത്തിൽ നിന്നകന്നാലും (2)

അനുകമ്പാര്ദ്രതമാം ഹൃദയമെപ്പൊഴും എനിക്കായ് തുടിച്ചിടുന്നു

എന്നെ ഓമനയായ് കരുതുന്നു (2) (അതിരുകളില്ലാത്ത..)

2 അമ്മയെന്നെ മറന്നാലും

ഈ ലോകമെന്നെ വെറുത്താലും (2)

അജഗണങ്ങളെ കാത്തിടുന്നവൻ എനിക്കായ് തിരഞ്ഞിടുന്നു

എന്നെ ഓമനയായ് കരുതുന്നു (2) (അതിരുകളില്ലാത്ത..)

## 3. അനുഗ്രത്തിന്നധിപതിയേ

1 അനുഗ്രത്തിന്നധിപതിയേ

അനന്ത കൃപാ പെരും നദിയേ

അനുദിനം നിൻ പദം ഗതിയേ

അടിയനു നിൻ കൃപ മതിയേ

2 വൻ വിനകള് വന്നിടുകില്

വലയുകയില്ലെൻ ഹൃദയം

വല്ലഭൻ നീയെന്നഭയം

വന്നിടുമോ പിന്നെ ഭയം -- അനു..

3 തന്നുയിരെ പാപികള്ക്കാ യ്

തന്നവനാം നീയിനിയും

തള്ളിടുമോയേഴയെന്നെ

തീരുമോ നിൻ സ്നേഹമെന്നില് -- അനു..

4 തിരുക്കരങ്ങൾ തരുന്ന നല്ല

ശിക്ഷയിൽ ഞാന് പതറുകില്ല

മക്കളെങ്കിൽ ശാസനകള്

സ്നേഹത്തിൻ പ്രകാശനങ്ങള് -- അനു..

5 പാരിടമാം പാഴ്മണലിൽ

പാര്ത്തി ടും ഞാൻ നിന് തണലില്

മരണദിനം വരുമളവിൽ

മറഞ്ഞിടും ഞാൻ നിന് മാര്വ്വി ടത്തില് -- അനു..

## 4. എണ്ണി എണ്ണി സ്തുതിക്കുവാൻ

എണ്ണി എണ്ണി സ്തുതിക്കുവാൻ

എണ്ണമില്ലാത്ത കൃപകളിനാൽ

ഇന്നയോളം തൻ ഭുജത്താല്

എന്നെ താങ്ങിയ നാമമേ (എണ്ണി എണ്ണി..)

1 ഉന്നം വെച്ച വൈരിയിന്

കണ്ണിൻ മുന്പിനല് പതറാതെ (2)

കൺ മണി പോല് കാക്കും കരങ്ങളില്

നിന്നെ മൂടി മറച്ചില്ലേ (2) (എണ്ണി എണ്ണി..)

2 യോര്ദ്ദാ ന് കലങ്ങി മറിയും

ജീവിത ഭാരങ്ങൾ (2)

ഏലിയാവിൻ പുതപ്പെവിടെ

നിന്റെി വിശ്വാസ ശോധനയിൽ (2) (എണ്ണി എണ്ണി..)

3 നിനക്കെതിരായ് വരും

ആയുധം ഫലിക്കയില്ല (2)

നിന്റെഫ ഉടയവൻ നിന്നവകാശം

തന്റെൈ ദാസരിൻ നീതിയവന് (2) (എണ്ണി എണ്ണി..)

## 5. എന്തതിശയമേ ദൈവത്തിൻ സ്നേഹം

എന്തതിശയമേ ദൈവത്തിൻ സ്നേഹം

എത്ര മനോഹരമേ-അതു

ചിന്തയിലടങ്ങാ സിന്ധു സമാനമായ്

സന്തതം കാണുന്നു ഞാൻ (എന്തതിശയമേ..)

1 ദൈവമേ നിന് മഹാ സ്നേഹമതിന് വിധം

ആര്ക്കുക ചിന്തിച്ചറിയാം-എനി-

യ്ക്കാവതില്ലേയതിൻ ആഴമളന്നീടാന്

എത്ര ബഹുലമത് (എന്തതിശയമേ..)

2 ആയിരമായിരം നാവുകളാലതു

വര്ണ്ണിുപ്പതിന്നെളുതോ-പതി

നായിരത്തിങ്കലൊരംശം ചൊല്ലീടുവാൻ

പാരിലസാദ്ധ്യമഹോ (എന്തതിശയമേ..)

3 മോദമെഴും തിരു മാര്വ്വിശലുല്ലാസമായ്

സന്തതം ചേര്ന്നിംരുന്ന-ഏക

ജാതനാമേശുവെ പാതകര്ക്കായ് തന്ന

സ്നേഹമതിശയമേ (എന്തതിശയമേ..)

4 പാപത്താല് നിന്നെ ഞാന് കോപിപ്പിച്ചുള്ളൊരു

കാലത്തിലും ദയവായ്-സ്നേഹ

വാപിയേ നീയെന്നെ സ്നേഹിച്ചതോര്ത്തെ ന്നിൽ

ആശ്ചര്യമേറിടുന്നു (എന്തതിശയമേ..)

5 ജീവിതത്തില് പല വീഴ്ചകള് വന്നിട്ടും

ഒട്ടും നിഷേധിക്കാതെ-എന്നെ

കേവലം സ്നേഹിച്ചു പാലിച്ചീടും തവ

സ്നേഹമതുല്യമഹോ (എന്തതിശയമേ..)

## 6. നടത്തിയ വിധങ്ങളോര്ത്താ്ൽ നന്ദി ഏകിടാതിരുന്നിടുമോ

നടത്തിയ വിധങ്ങളോര്ത്താ്ൽ

നന്ദി ഏകിടാതിരുന്നിടുമോ - നാഥന് (2)

1 ജീവിതത്തിന് മേടുകളില്

എകനെന്നു തോന്നിയപ്പോൾ (2)

ധൈര്യം നല്കീ വചനം നല്കി (2) (നടത്തിയ..)

2 ഭാരം ദു:ഖം ഏറിയപ്പോൾ

മനം നൊന്തു കലങ്ങിയപ്പോൾ (2)

ചാരേ അണച്ചു ആശ്വാസം നല്കിം (2) (നടത്തിയ..)

3 കൂട്ടുകാരില് പരമായെന്നില്

ആനന്ദതൈലം പകര്ന്നുല (2)

ശത്രുമദ്ധ്യേയെൻ തലയുയര്ത്തീ (2) (നടത്തിയ..)

## 7. നട്ടുച്ച നേരത്ത്.. കിണറിന്റെത തീരത്ത്..

നട്ടുച്ച നേരത്ത്.. കിണറിന്റെത തീരത്ത്..വെള്ളത്തിനായി ഞാൻ കാത്തിരിപ്പു..

നാരി..ഒരു പാത്രം ദാഹ ജലം നീ എനിക്കു നല്കൂ)...

ആയ്യയ്യോ..നീയൊരു യൂദൻ ഞാനിന്നൊരു സമറായത്തി..

ഞാൻ കോരിയ വെള്ളം തൊട്ടാല് തീണ്ടലില്ലേ.. (2)

1 അറിയുന്നില്ലേതും നീ എന്നോടു നീ ചോദിച്ചാല് ജീവന്റെ( ജലം കോരി തരുമല്ലോ ഞാൻ.. (2)

ജീവന്റെു ജലം കോരി തരുമല്ലോ ഞാൻ..

കയറില്ല പാളയുമില്ല നീയെങ്ങനെ വെള്ളം കോരും..

ജീവന്റെ  ജലം പിന്നെ എങ്ങനെ കിട്ടും.. (2)

ഞാൻ നല്കും് നിത്യ ജലം നീ വിശ്വസമിയെന്നു കുടിച്ചാല്..

നാരി നിനക്കൊരു നാളും ദാഹിക്കില്ലാ.. (2)

ആ ദിവ്യ ജലം നാഥാ നല്കോണമെനിക്കൊരു പാത്രം..

വീണ്ടും ഞാൻ വെള്ളം കോരാന് പോരേണ്ടല്ലോ.. (2)

2 മഹിളേ നീ വീട്ടില് പോയ് നിന് കണവനെയും കൊണ്ടു വരൂ..

അപ്പോൾ ഞാന് കോരി വിളമ്പാം ജീവന്റെണ ജലം..

മഹിളേ നീ വീട്ടിൽ പോയ് നിന് കണവനെയും കൊണ്ടു വരൂ..

അപ്പോൾ ഞാന് കോരി വിളമ്പാം ജീവന്റെക ജലം.. (2)

ഗുരുവേ നീ കോപിക്കരുതെ..വീട്ടിൽ ഞാന് എന്തിനു പോകാം..

ഇല്ലില്ലാ സത്യമെനിക്ക് ഭര്ത്തായവില്ലാ.. (2)

നീ ചൊന്നതു സത്യം തന്നെ..കണവന്മാർ അഞ്ചുണ്ടായി..

ഇപ്പോഴുള്ളവനോ നിന്റെന ഭര്ത്താവവല്ലാ.. (2)

നിന്ദിതം എൻ ജീവ ചരിത്രം നീയെങ്ങനെ സര്വ്വ മറിഞ്ഞു..

ദൈവകരം തെളിവായ് നിന്നിൽ കാണുന്നു ഞാൻ.. (2)

3 മകളെ നീ ശങ്കിക്കേണ്ട ദൈവത്തിന് പുത്രന് തന്നെ..

നിൻ മുന്പീല് നില്ക്കു ന്നു നീ അറിഞ്ഞുകൊള്ക...

മകളെ നീ ശങ്കിക്കേണ്ട ദൈവത്തിൻ പുത്രന് തന്നെ..

നിൻ മുന്പിൈല് നില്ക്കു ന്നു നീ അറിഞ്ഞുകൊള്കീ.. (2)

നാഥാ നിൻ തിരുമൊഴി കേള്ക്കാ ന് ഭാഗ്യമെനിക്കെങ്ങനെയുണ്ടായ്..

തൃപ്പാദം വിശ്വാസമൊടെ വണങ്ങിടുന്നേ... (2)

-(നട്ടുച്ച നേരത്ത്...)

## 8. നന്ദിയാലെന്നുള്ളം തുള്ളുന്നേ

നന്ദിയാലെന്നുള്ളം തുള്ളുന്നേ

വല്ലഭാ നിൻ കൃപയോര്ക്കുുമ്പോള്

വര്ണ്ണിനച്ചിടാൻ സാദ്ധ്യമല്ലത്

എൻ ജീവിതത്തില് ചെയ്ത ക്രിയകള്

1 കൊടും പാപിയായിരുന്നെന്നെ

വൻ ചേറ്റില് നിന്നും കയറ്റി

ക്രിസ്തുവാകും പാറമേല് നിര്ത്തി

പുത്തൻ പാട്ടുമെന്റെന നാവില് തന്നതാല്

2 വന് ശോധനാവേളയില്

തീച്ചൂളയിൻ നടുവില്

ചാരത്തണഞ്ഞു രക്ഷിച്ച

മമ കാന്തനെ നിൻ സ്നേഹമോര്ക്കുവമ്പോള്

3 ഈ ലോകം തരാത്ത ശാന്തിയെന്

ഹൃത്തേ നിറച്ച സ്നേഹമായ്

എന്നെന്നും കാത്തിടുന്നെന്നെ

നിത്യ കാന്തയായ് തൻ കൂടെ വാഴുവാന്

## 9. നന്മയല്ലാതൊന്നും ചെയ്തിടാത്തവന്

നന്മയല്ലാതൊന്നും ചെയ്തിടാത്തവന്

തിന്മയാകെ മായിക്കുന്നവൻ

പാപമെല്ലാം ക്ഷമിക്കുന്നവൻ

പുതുജീവനെന്നിൽ പകരുന്നവന്

യേശു.. യേശു.. അവനാരിലും വലിയവന്

യേശു.. യേശു.. അവനാരിലും മതിയായവൻ (2)

1 ഇരുള് നമ്മെ മൂടിടുമ്പോള്

ലോക വെളിച്ചമായി അവനണയും

രോഗികളായിടുമ്പോൾ

സൗഖ്യദായകൻ അവന് കരുതും

അവനാലയത്തിൽ സ്വർഗ്ഗ നന്മകളാല്

നമ്മെ നിറച്ചീടും അനുദിനവും (യേശു..)

2 ദൈവത്തെ സ്നേഹിക്കുമ്പോള്

സര്വ്വംി നന്മയ്ക്കായി ഭവിച്ചിടുന്നു

തിരുഹിതമനുസരിച്ചാൽ

നമുക്കൊരുക്കിടും അവനധികം

കൃപയരുളീടുമേ ബലമണിയിക്കുമേ

മാറാ മധുരമായ് മാറ്റീടുമേ (യേശു..)

## 10. യഹോവ ദൈവമാം വിശുദ്ധ ജാതി നാം

യഹോവ ദൈവമാം വിശുദ്ധ ജാതി നാം

അവനവകാശമാം ജനം നാം (2)

പരദേശികൾ നാം ഭാഗ്യ ശാലികള്

ഇതുപോലൊരു ജാതിയുണ്ടോ? (2) (യഹോവ..)

1 ആപത്തില് നമ്മുടെ ദിവ്യ സങ്കേതവും

ബലവും ദൈവമൊരുവനത്രെ (2)

ആകയാൽ പാരിടം ആകെയിളകിലും

നാമിനി ഭയപ്പെടുകയില്ല (2) (യഹോവ..)

2 അവനീ തലത്തില് അവമാനം നമു -

ക്കവകാശമെന്നോര്ത്തിലടണം (2)

അവനായ് കഷ്ടതയേല്ക്കു കില് തേജസ്സില്

അനന്ത യുഗം വാണിടും നാം (2) (യഹോവ..)

3 നിര നിര നിരയായ് അണി നിരന്നിടുവിന്

കുരിശിൻ പടയാളികളെ (2)

ജയ ജയ ജയ കാഹളമൂതിടുവിൻ

ജയ വീരനാം യേശുവിന് (2) (യഹോവ..)

## 11. യെഹോവാ യിരേ യിരേ യിരേ

യെഹോവാ യിരേ (4)

യെഹോവാ യിരേ യിരേ യിരേ (4)

തൻ മക്കള്ക്കാകയ് ദൈവം

കരുതുന്നുന്നതമായ്

ആകുലമോ ഇനിയും

യഹോവാ യിരേ (യഹോവാ..)

1 എന് ഹൃദയേ സമാധാനം

യെഹോവാ യിരേ

എൻ ഭവനേ സര്വ്വയ നന്മകളും

യെഹോവാ യിരേ (2)

തൻ മകനായ് ജീവിക്കും ഞാന്

തൻ വഴിയേ നടക്കും ഞാന്

തൻ വചനം ഘോഷിക്കും ഞാന്

യെഹോവാ യിരേ (യെഹോവാ..)

2 എനിക്കുള്ള ആഹാരം

യെഹോവാ യിരേ

പാര്പ്പി ടവും വസ്ത്രവും

യെഹോവാ യിരേ (2)

തൻ രൂപം എന് വാഴ്വിലും

തൻ സ്തുതികള് എന് നാവിലും

നിരന്തരമായ് സൂക്ഷിക്കും ഞാന്

യെഹോവാ യിരേ (യെഹോവാ..)

## 12. യേശു ക്രിസ്തു ഉയിര്ത്തു ജീവിക്കുന്നു

യേശു ക്രിസ്തു ഉയിര്ത്തു ജീവിക്കുന്നു

പരലോകത്തിൽ ജീവിക്കുന്നു

ഇഹ ലോകത്തിൽ താനിനി വേഗം വരും

രാജ രാജനായ് വാണിടുവാന്

ഹാ ഹല്ലേലുയ്യ ജയം ഹല്ലേലുയ്യ

യേശു കര്ത്താ വ് ജീവിക്കുന്നു

1 കൊല്ലുന്ന മരണത്തിന് ഘോരതര

വിഷപ്പല്ല് തകര്ത്താരകയാൽ

ഇനി തെല്ലും ഭയമെന്യേ മൃത്യുവിനെ

നമ്മൾ വെല്ലുവിളിക്കുകയായ് (ഹാ ഹല്ലേലുയ്യ..)

2 എന്നേശു ജീവിക്കുന്നായതിനാല്

ഞാനുമെന്നേയ്ക്കും ജീവിക്കയാം

ഇനി തന്നെ പിരിഞ്ഞൊരു ജീവിതമില്ലെനി-

ക്കെല്ലാം എന്നേശുവത്രേ (ഹാ ഹല്ലേലുയ്യ..)

3 മന്നിലല്ലെന് നിത്യ വാസമെന്നേശുവിന്

മുന്നിൽ മഹത്വത്തിലാം

ഇനി വിണ്ണിൽ ആ വീട്ടില് ചെന്നെത്തുന്ന നാളുകള്

എണ്ണി ഞാൻ പാര്ത്തി ടുന്നു (ഹാ ഹല്ലേലുയ്യ..)